Join Telegram Channel: https://t.me/hsslive Downloaded from www.Hsslive.in ®

# അദ്ധ്യായം 3

## Writing and production for Radio

1. **Mile stones**

- 1927= **ഇന്ത്യൻ ബ്രോഡ്കാസ്റ്റിങ് കമ്പനി** രൂപം നൽകി.
- 1930- ഏപ്രിൽ ഒന്നിന് **I S B S - ഇന്ത്യൻ സ്റ്റേറ്റ് ബ്രോഡ്കാസ്റ്റിംഗ് സർവീസ്** നിലവിൽ വന്നു.
- 1935- ആഗസ്റ്റ് 30ന് **ലയണൽ ഫീൽഡ്നെ** ഇന്ത്യയിലെ റേഡിയോ പ്രക്ഷേപണത്തിൻറെ ആദ്യ കണ്ട്രോളർ ആയി നിയമിച്ചു.
- 1936- ജൂൺ എട്ടിന് ISBS **ഓൾ ഇന്ത്യ റേഡിയോ** എന്ന് പുനർനാമകരണം ചെയ്തു.
- **1943- മാർച്ച് 12- കേരളത്തിലെ (Travancore station) ആദ്യത്തെ റേഡിയോ സ്റ്റേഷൻ** നിലവിൽ വന്നു.
- **മലയാള മനോരമയുടെ റേഡിയോ മാംഗോ ആണ് കേരളത്തിലെ ആദ്യ സ്വകാര്യ എഫ് എം റേഡിയോ**.

**2. പ്രക്ഷേപണ ടെക്നോളജികൾ/Broadcsting Technologies**

**a. ആംബ്ലട്യൂട് മോഡുലേഷൻ/Amplitude Modulation**

• എ എം എന്ന് ചുരുക്കപ്പേര്.
• റേഡിയോ സിഗ്നലുകളെ കൈമാറ്റം ചെയ്യുന്ന തരംഗങ്ങളുടെ ആംപ്ലി റ്റ്യൂഡ് വ്യത്യാസ പെടുത്തിയാണ് പ്രക്ഷേപണം ചെയ്യുന്നത്.
• ലളിതമായ ഉപകരണങ്ങളിലൂടെ കണ്ടെത്താൻ കഴിയും.
• പ്രക്ഷേപണത്തിന്ചെറിയ ബ്രാൻഡഡ് മതി.
• 530 മുതൽ1700 കിലോ ഹസ്റ്റ് വരെ ഫ്രീക്വൻസിയിൽ ആണ്.

b. **ഫ്രീക്വൻസി മോഡുലേഷൻ** (എഫ് എം).

എഫ് എം എന്ന് ചുരുക്കപ്പേര്

MEERA BHASKAR SMHSS KALIYAR

Join Telegram Channel: https://t.me/hsslive Downloaded from www.Hsslive.in ®

- 1930 ൽ **എഡ്വിൻ ആംസ്ട്രോങ്ങ് എഫ്എം റേഡിയോ** കണ്ടുപിടിച്ചു.
- 1933- എഫ് എം റേഡിയോ പേറ്റൻറ് നേടി.
- എ എം സംപ്രേക്ഷണത്തെക്കാൾ ഗുണമേന്മയുള്ള സംപ്രേക്ഷണ രീതി.

**c. ഡിജിറ്റൽ റേഡിയോ മോണ്ട്യിൽ/DRM**

- DRM എന്ന് ചുരുക്കപ്പേര്.
- മോണ്ട്യിൽ എന്നാൽ "ലോക വ്യാപകം' എന്നാണ് അർത്ഥം.
- എഫ്. എം പ്രക്ഷേപണ സിഗ്നലുകളെ കൂടുതൽ മികവുറ്റ രീതിയിൽ ആക്കുന്നതാണ് .
- വ്യക്തതയുള്ള ശബ്ദം ദൂരസ്ഥലങ്ങളിലേക്ക് എത്തിക്കാൻ കഴിയും.

**<u>3. വിവിധതരം റേഡിയോ പ്രക്ഷേപണങ്ങൾ/Types of Radio Broadcasting</u>**

**1. പബ്ലിക് സർവീസ് ബ്രോഡ്കാസ്റ്റിംഗ്**

- പി എസ് ബി എന്ന് ചുരുക്കപ്പേര്.
- ജനങ്ങൾക്ക് വേണ്ടി ജനങ്ങൾ തന്നെ നടത്തുന്ന റേഡിയോ പ്രക്ഷേപണം.
- പരസ്യവരുമാനത്തിനും രാഷ്ട്രീയ താൽപര്യങ്ങൾക്കും
- വേണ്ടിയല്ല.
- ഗവൺമെൻറ് നിയന്ത്രണമില്ലാതെ പ്രവർത്തിക്കുന്നു.
- ഉദാഹരണം- എ ഐ ആർ, ബി.ബി.സി.

**2. കൊമേഴ്സ്യൽ റേഡിയോ**

- സ്വകാര്യ സംരംഭങ്ങളാണ്.
- പരസ്യം ആണ് വരുമാനം.
- വിനോദ പരിപാടികൾ, സംഗീതം, തമാശ പരിപാടികൾ, സിനിമാതാരങ്ങളുടെ ഇൻറർവ്യൂ എന്നിവ ഇതിൽ ഉൾപ്പെടും.
- ഉദാഹരണം- ക്ലബ് എഫ് എം , റേഡിയോ മാംഗോ, റെഡ് എഫ് എം.

**3. കമ്മ്യൂണിറ്റി റേഡിയോ**

MEERA BHASKAR SMHSS KALIYAR

Join Telegram Channel: https://t.me/hsslive Downloaded from www.Hsslive.in ®

• ഒരു പ്രത്യേക വിഭാഗം ശ്രോതാക്കൾക്ക് വേണ്ടിയോ, ഒരു പ്രത്യേക പ്രദേശത്തെ ജനങ്ങൾക്ക് വേണ്ടിയോ നടത്തുന്ന സംരക്ഷണം.
• തീരദേശങ്ങളിൽ ഉള്ളവർക്ക് വേണ്ടിയും പ്രക്ഷേപണം നടത്തുന്നുണ്ട്.
• പരമ്പരാഗത ഭാഷ, സംസ്കാരം, വൈവിധ്യം എന്നിവ സംരക്ഷിക്കപ്പെടുന്നു
• **കേരളത്തിലെ ആദ്യത്തെ കമ്മ്യൂണിറ്റി റേഡിയോ Radio DC 90.4 MHZ**
• 2005 ജനുവരി 6 ഉദ്ഘാടനം.
• DC സ്കൂൾ ഓഫ് മാനേജ്മെൻറ് ആൻഡ് ടെക്നോളജി( DCSMAT) കിൻഫ്ര ഫിലിം വീഡിയോ പാർക്ക് ആണ് ഇതിന് നേതൃത്വം കൊടുക്കുന്നത്.
• ഒരു ഇന്ത്യൻ ബിസിനസ് സ്കൂൾ **ആരംഭിക്കുന്ന ആദ്യ** ഇൻറർനെറ്റ് റേഡിയോ.
• ഉദാഹരണം-
• മാക് ഫാസ്റ്റ്, തിരുവല്ല
• റേഡിയോ മാറ്റൊലി- വയനാട്.
• റേഡിയോ ബെൻസിഗർ- കൊല്ലം.
• മീഡിയ വില്ലേജ്- ചങ്ങനാശ്ശേരി
• ജൻ വാണി എഫ് എം കണ്ണൂർ

**4. ഹാം റേഡിയോ**

• അമചർ റേഡിയോ എന്നും പറയും.
• വിനോദമാണ് ലക്ഷ്യം.
• പ്രകൃതി ദുരന്തങ്ങൾ പോലെയുള്ള അപകടസമയത്ത് ഉപയോഗിക്കാം

**5. ഇൻറർനെറ്റ് റേഡിയോ**

• നെറ്റ് റേഡിയോ, വെബ് റേഡിയോ, സ്ട്രീമിങ് റേഡിയോ, ഈ- റേഡിയോ, ഓൺലൈൻ റേഡിയോ എന്നീ പേരുകളിലും അറിയപ്പെടുന്നു.
• ഇൻറർനെറ്റ് വഴിയുള്ള റേഡിയോ സർവീസ്
• ഇൻറർനെറ്റ് കണക്ഷൻ ഉള്ള എവിടെ നിന്നും ഇത് ലഭ്യമാണ്.
• **ഇന്ത്യയിലെ ആദ്യത്തെ ലൈവ് ഇൻറർനെറ്റ് റേഡിയോ സ്റ്റേഷൻ റേഡിയോ മാസ്ക**

**4. റേഡിയോ പ്രോഗ്രാമുകൾ/Types of Radio Programes**

MEERA BHASKAR SMHSS KALIYAR

Join Telegram Channel: https://t.me/hsslive Downloaded from www.Hsslive.in ®

• പ്രോഗ്രാമുകൾ രണ്ടു വിഭാഗമുണ്ട്.

1. ന്യൂസ് പ്രോഗ്രാമുകൾ (വാർത്താ പരിപാടികൾ)

2. നോൺ ന്യൂസ് പ്രോഗ്രാമുകൾ (**വാർത്തേതര** പ്രോഗ്രാമുകൾ)

**1. ന്യൂസ് പ്രോഗ്രാമുകൾ**

1. .വാർത്ത ബുള്ളറ്റിൻ
2.റേഡിയോ ന്യൂസ് റീൽ
3. റേഡിയോ ഡോക്യുമെൻററി/ ഫീച്ചർ
4. ആനുകാലിക പരിപാടികൾ
5. സംവാദം( Talks)
6. ചർച്ചകൾ( Discussion)

**വാർത്തേതര** പ്രോഗ്രാമുകൾ/ **വിനോദ പരിപാടികൾ**

1. സംഗീത പരിപാടികൾ

2. റേഡിയോ നാടകം ( Radio drama)

3. ഡോക്കു ഡ്രാമ( Documents drama)

4. സ്കിറ്റ്(Skit)

5. **ഫോൺ ഇൻ പ്രോഗ്രാം(Phone in programmes)**

6 റേഡിയോ ബ്രിഡ്ജ്(Radio Bridge)

7. ജിംഗിൾ/Jingle

**ന്യൂസ് പ്രോഗ്രാമുകൾ (വാർത്താ പരിപാടികൾ)**

**1. വാർത്ത ബുള്ളറ്റിൻ/News Bulletin**

• ഏറ്റവും പ്രധാന ഭാഗമാണിത്.

MEERA BHASKAR SMHSS KALIYAR

Join Telegram Channel: https://t.me/hsslive Downloaded from www.Hsslive.in ®

• ഒരു മണിക്കൂറും അരമണിക്കൂറും ഉള്ള വാർത്ത ബുള്ളറ്റിനുകൾ
• ഏറ്റവും പ്രധാന വാർത്ത ആദ്യവും പ്രാധാന്യം കുറഞ്ഞ വാർത്തകൾ അവസാനവും ആയിരിക്കും.
• വാർത്തയുടെ ക്രമവും ബുള്ളറ്റിൻ സന്തുലനവും പരിഗണിക്കേണ്ട രണ്ടു പ്രധാന കാര്യങ്ങളാണ്.
• വാർത്തകളെ പുനക്രമീകരിക്കാൻ ഉള്ള സ്വാതന്ത്ര്യം ന്യൂസ് എഡിറ്റർക്ക് ഉണ്ട്.

**ന്യൂസ് ബുള്ളറ്റിൻ ഘടന**

• ന്യൂസ് റീഡർ സ്വയം പരിചയപ്പെടുത്തുന്നു
• പ്രധാന സ്റ്റോറികളുടെ തലക്കെട്ടുകൾ വായിക്കുന്നു

**സ്റ്റോറി റൺ ഡൗൺ**

• 30 മിനിറ്റ് ഉള്ള ന്യൂസ് ബുള്ളറ്റിൻ സ്റ്റോറികൾ രണ്ട് തുല്യ ഭാഗങ്ങളായി വിഭജിക്കുന്നു
• ആദ്യത്തെ ഭാഗം ന്യൂസ് വായന കഴിഞ്ഞു ഒരു കമേഴ്സ്യൽ ബ്രേക്ക് കൊടുക്കുന്നു.
• ഈ കമേഴ്സ്യൽ ബ്രേക്ക് മുമ്പ് തുടർന്ന് വരുന്ന പ്രധാന സ്റ്റോറികൾ ഏതൊക്കെ എന്ന് വായനക്കാരനെ ഓർമ്മപ്പെടുത്തുന്നു
• ന്യൂസ് ബുള്ളറ്റിൻറെ അവസാനഭാഗത്ത് പ്രധാന ലൈനുകൾ പറയുന്നു
• അവസാനം ന്യൂസ് റീഡർ സൈൻ ഓഫ് ചെയ്യുന്നു.

**റേഡിയോ ന്യൂസ് റൈറ്റിങ്**

• ലളിതമായ ഭാഷ ആയിരിക്കണം
• ചെറിയ വാചകങ്ങൾ ആയിരിക്കണം.
• സങ്കീർണ്ണമായ വാചകങ്ങൾ ഒഴിവാക്കണം.
• സാധാരണ പദങ്ങൾ ഉപയോഗിയ്ക്കുക
• അനൗദ്യോഗിക ഭാഷയിൽ വേണം വാർത്ത എഴുതാൻ
• സംഭാഷണശൈലി ഉപയോഗിക്കുക
• വളരെ നീളം കൂടിയ വാക്കുകൾ ഒഴിവാക്കുക

MEERA BHASKAR SMHSS KALIYAR

Join Telegram Channel: https://t.me/hsslive Downloaded from www.Hsslive.in ®

• ഉച്ചരിക്കാൻ പ്രയാസമുള്ള വാക്കുകളും വാചകങ്ങളും ഒഴിവാക്കുക

**റേഡിയോ ന്യൂസ് സ്റ്റോറിയുടെ ഘടന**

• 15-20 സ്റ്റോറികൾ ഒരു ന്യൂസ് ബുള്ളറ്റിൽ ഉൾപ്പെടുത്താം
• ന്യൂസ് ബുള്ളറ്റിനിൽ പ്രധാന സ്റ്റോറിയ്ക്ക് കൂടുതൽ സമയം ഉപയോഗിക്കാം
• സിംഗിൾ സ്റ്റോറിക്ക് രണ്ടു സെക്കൻഡ് സമയമാണ് സാധാരണഗതിയിൽ ഉപയോഗിക്കുന്നത്
• ഒരു സ്റ്റോറി വളരെ വലുതാണെങ്കിൽ അത് രണ്ടു മൂന്നു സബ് സ്റ്റോറികൾ ആയി വിഭജിക്കാം
• പ്രധാന സ്റ്റോറുകളുടെ തലക്കെട്ടുകൾ ന്യൂസ് ബുള്ളൻറെ തുടക്കത്തിലും ഒടുക്കത്തിലും വായിക്കും.
• സംഭവം നടന്ന സ്ഥലം, സമയം എന്നിവ സ്റ്റോറിയുടെ രണ്ടാമത്തെയോ മൂന്നാമത്തെയോ വാചകത്തിൽ ഉൾപ്പെടുത്താം.

**2. റേഡിയോ ന്യൂസ് റീൽ**

• പ്രധാനപ്പെട്ട ആനുകാലിക വിഷയങ്ങൾ കവർ ചെയ്യുന്ന ന്യൂസ് മാഗസിൻ പ്രോഗ്രാമാണ് ന്യൂസ് റീൽ.
• ഒരാഴ്ചയിൽ ഒന്നോ രണ്ടോ പ്രാവശ്യം സംപ്രേഷണം ചെയ്യുന്നു.
• ചുരുങ്ങിയ ആമുഖവും കൺഫ്യൂഷനും നറേറ്റർ ഇതിൽ ഉൾപ്പെടുത്തും.
• റെക്കോർഡ് ചെയ്ത മെറ്റീരിയലും അഭിമുഖങ്ങളും റേഡിയോ ന്യൂസ് റീലിൽ ഉൾപ്പെടുത്താറുണ്ട്

**3. റേഡിയോ ഡോക്യുമെൻററികൾ/ ഫീച്ചറുകൾ**

• ജനങ്ങളെയും യഥാർത്ഥ പ്രശ്നങ്ങളെയും അടിസ്ഥാനമാക്കിയുള്ളവ
• ശബ്ദം മാത്രമേയുള്ളൂ
• മനുഷ്യശബ്ദം, സംഗീതം, ശബ്ദ പ്രഭാവം, ഇൻറർവ്യൂ കൾ എന്നിവ ഉൾപ്പെടുന്നു.
• സാമൂഹ്യ പ്രശ്നങ്ങളെ ആഴത്തിൽ ചർച്ച ചെയ്യുന്നു
• കറൻറ് അഫേഴ്സ് പ്രോഗ്രാം/ സമകാലിക പരിപാടികൾ

MEERA BHASKAR SMHSS KALIYAR

 Downloaded from www.Hsslive.in ®

• ദൈനംദിന ജീവിതത്തിലെ പ്രശ്നങ്ങൾ

4. ആനുകാലിക പരിപാടികൾ / **സമകാലിക പരിപാടികൾ**

- **ദൈനംദിന ജീവിതത്തിലെ പ്രശ്നങ്ങൾ**
- **ജീവിതത്തിലൻറെ എല്ലാ മേഖലയിലും ഉള്ളവരുടെ പ്രശ്നങ്ങൾ**
- **പ്രധാനപ്പെട്ട സമകാലിക പരിപാടികൾ**

➢ **സംവാദം**

➢ **ചർച്ചകൾ**

**സംവാദം (സംഭാഷണങ്ങൾ)**

• പൊതു താല്പര്യമുള്ള ആനുകാലിക വിഷയങ്ങളെ കുറിച്ച് വിദഗ്ദർ സംസാരിക്കുന്നു.

• 7-8 മിനിട്ടാണ് സംഭാഷണങ്ങൾ.

• തുടർന്ന് പ്രഭാഷകനും അവതാരകനും സംസാരിക്കും.

• 25 മുതൽ 30 മിനിറ്റ് വരെ നീണ്ടു നിൽക്കും.

• വിഷയത്തെക്കുറിച്ച് വിശദമായ കാഴ്ചപ്പാട് നൽകുന്നു

**ചർച്ച**

• ആശയങ്ങൾ കൈമാറുന്നതിനുള്ള ഒരു പ്ലാറ്റ്ഫോം ആണിത്

• ഒന്നിൽ കൂടുതൽ പേർ ഇതിൽ പങ്കാളികൾ ആയിരിക്കും

• ഓരോരുത്തരും അവരുടെ കാഴ്ചപ്പാടുകൾ പങ്കു വെക്കും

• സാമൂഹിക സാമ്പത്തിക പ്രശ്നങ്ങൾ എല്ലാം ചർച്ച ചെയ്യപ്പെടുന്നു

• അവതാരകൻ ഇവിടെ മോഡറേറ്ററുടെ റോളാണ് വഹിക്കുന്നത്

**വാർത്തേതര** പ്രോഗ്രാമുകൾ/ **വിനോദ പരിപാടികൾ**

**1. സംഗീത പരിപാടികൾ**

• സംഗീതം ആണ് പ്രധാനം

• സിഗ്നേച്ചർ ടൂൺ, തീം മ്യൂസിക്, സംഗീത ശബ്ദ പ്രഭാവം, എന്നിവ ഉൾപ്പെടുന്നു

MEERA BHASKAR SMHSS KALIYAR

Join Telegram Channel: https://t.me/hsslive Downloaded from www.Hsslive.in ®

• ചലച്ചിത്രഗാനങ്ങൾ, ലളിതസംഗീതം, ശാസ്ത്രീയ സംഗീതം, നാടോടി സംഗീതം എന്നിവ പ്രചരിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനും ഉപയോഗിക്കുന്നു

**2. റേഡിയോ നാടകങ്ങൾ**

• സംഭാഷണത്തിലൂടെയാണ് അവതരിപ്പിക്കുന്നത്.

• റേഡിയോ നാടകങ്ങൾക്ക് മൂന്നു ഘടകങ്ങളുണ്ട്.

• മനുഷ്യ ശബ്ദം, സംഗീതം, സൗണ്ട് ഈഫക്ട്, അഭിനേതാക്കളുടെ ശബ്ദം എന്നിവ പശ്ചാത്തലവും സൃഷ്ടിക്കുന്നു.

• ഓൾ ഇന്ത്യ റേഡിയോ എല്ലാവർഷവും നാടകോത്സവം സംഘടിപ്പിക്കാറുണ്ട്.

**3. ഡോക്യു ഡ്രാമ**

• സംഭവങ്ങളെ നാടകീയമായി ചിത്രീകരിക്കുന്നു.

• ഡോക്കുമെൻററി ഡ്രാമ എന്നാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്

• യഥാർത്ഥ ജീവിതങ്ങളും ജീവിതത്തിലെ സംഭാഷണങ്ങളും ഇതിലുൾപ്പെടുന്നു.

• ഉദാഹരണം 'ഗാന്ധിമാർഗ്ഗം,'

• ഗാന്ധി മാർഗത്തിൽ ഗാന്ധിജിയുടെ എഴുത്തുകൾ, ഉദ്ധരണികൾ തുടങ്ങിയവ അവതരിപ്പിക്കുന്നു

**4. സ്കിറ്റ്**

• നാടകങ്ങളെക്കാൾ ചെറുത്

• ഒന്നും അതിലധികമോ രംഗങ്ങൾ ഉണ്ടാവാം

• പ്രധാന സാമൂഹ്യ സംഭവങ്ങളെ ഫലിത രൂപത്തിൽ അവതരിപ്പിക്കുന്നു

• ഉദാഹരണം- കിഞ്ചന വർത്തമാനം, കണ്ടതും കേട്ടതും, കലികാലം, വഴിവിളക്ക്.

**5. ഫോണിൻ പ്രോഗ്രാമുകൾ**

• അവതാരകനും ശ്രോതാവും തത്സമയം സംസാരിക്കുന്നത്.

• ഈ പ്രോഗ്രാമിന് ജനസമ്മതി കൂടുതലാണ്

• പരിപാടിക്ക് മുൻകൂട്ടി പ്രചാരം കൊടുക്കണം.

• അതുവഴി ശ്രോതാക്കൾക്ക് അവരുടെ പരാതികളും അപേക്ഷകളും ആയി തയ്യാറായിരിക്കാൻ ആവും

• ഉദാഹരണം- എല്ലാ തിങ്കളാഴ്ചയും രാത്രി 9 30ന് 'പബ്ലിക് സ്പീക്ക്'

• ആകാശവാണിയുടെ ന്യൂസ് സർവീസ് ഡിവിഷൻ പ്രേക്ഷേപണം ചെയ്യുന്നു

**6. റേഡിയോ ബ്രിഡ്ജ്**

MEERA BHASKAR SMHSS KALIYAR

Join Telegram Channel: https://t.me/hsslive Downloaded from www.Hsslive.in ®

• രാജ്യം മുഴുവനും വിദേശരാജ്യങ്ങളിലും വിവിധ റേഡിയോ നിലയങ്ങൾ തമ്മിൽ ബന്ധിപ്പിക്കുന്നതിന് റേഡിയോ ബ്രിഡ്ജ് എന്നു പറയുന്നു

• ഉദാഹരണം- ചെന്നൈ നിലയിലുള്ള ഒരു വിദഗ്ധന് ഇന്ന് ഡൽഹി നിലയിലുള്ള ഒരു വിദഗ്ധനോട് സാധാരണക്കാരൻ സംസാരിക്കാൻ റേഡിയോ ബ്രിഡ്ജ് ഉപയോഗിക്കുന്നു

**7. ജിംഗിൾ**

• സംഗീത സന്ദേശമാണിത്.

• പരസ്യത്തിനായി ഉപയോഗിക്കുന്നു.

• ശബ്ദംകൊണ്ട് ബ്രാൻഡ് ചെയ്യുന്നതിനായി റേഡിയോ നിലയത്തിൽ പ്രമോ ആയും നിർമ്മിക്കാറുണ്ട്.

**5. ഡിജിറ്റൽ റെക്കോർഡിങ്**

**• ഡിജിറ്റൽ രൂപത്തിൽ ഉള്ള ശബ്ദം നിർമാണ സാങ്കേതിക വിദ്യകളും ഉപകരണങ്ങളും ഇതിൽ ഉപയോഗിക്കുന്നു.**

**• വിശാലവും വ്യത്യസ്തവുമായ മാധ്യമങ്ങളിലേക്ക് ഇത് പ്രേക്ഷേപണം ചെയ്യാനും ശേഖരിക്കാനും സാധിക്കും**

**• അനലോഗ് റെക്കോർഡിംഗ് പോരായ്മകളും പരിഹരിച്ചു കൊണ്ടുള്ളതാണ് ഡിജിറ്റൽ ഫോർമാറ്റ്**

**ഡിജിറ്റൽ റെക്കോർഡിങ് ഗുണങ്ങൾ**

➢ ഗുണമേന്മ കുറഞ്ഞ ശബ്ദങ്ങൾ എളുപ്പത്തിൽ മായ്ച്ചുകളയാൻ കഴിയുന്നു

➢ മോശമായ ശബ്ദ ലേഖനങ്ങൾ പെട്ടെന്ന് കണ്ടെത്താൻ കഴിയുന്നു

➢ ശബ്ദം ഫെയ്ഡ് ചെയ്യാനുള്ള പ്രവർത്തനങ്ങൾ സ്വയം നടത്തുന്ന വിധത്തിൽ ആക്കാൻ കഴിയുന്നു.

➢ എഡിറ്റിങ്ങും മിക്സിങ്ങും കൂടുതൽ കൃത്യതയുള്ളതാവുന്നു

➢ അവയുടെ നിലയിൽ മാറ്റം വരുത്താതെ ശബ്ദത്തെ ദീർഘിപ്പിക്കാൻ കഴിയുന്നു

MEERA BHASKAR SMHSS KALIYAR

Join Telegram Channel: https://t.me/hsslive Downloaded from www.Hsslive.in ®

- ദൃശ്യ ആസ്പദമായി സ്ക്രീനിൽ എഡിറ്റിംഗ് ചെയ്യാൻ കഴിയുന്നു
- ശബ്ദത്തിൽ വരുത്തുന്ന മാറ്റങ്ങൾ പഴയ രൂപത്തിൽ ആക്കാം
- ദൃശ്യ ആസ്പദമായി സ്ക്രീനിൽ എഡിറ്റിംഗ് ചെയ്യാൻ കഴിയുന്നു
- അവയുടെ നിലയിൽ മാറ്റം വരുത്താതെ ശബ്ദത്തെ ദീർഘിപ്പിക്കാൻ കഴിയുന്നു
- ശബ്ദത്തിൽ വരുത്തുന്ന മാറ്റങ്ങൾ പഴയ രൂപത്തിൽ ആക്കാം

**6. റേഡിയോ അവതാരകന് വേണ്ട ഗുണങ്ങൾ**

1. **നന്നായി തയ്യാറെടുക്കുക ഊഹ പോഹങ്ങൾ ഒഴിവാക്കുക**

പ്രക്ഷേപണം ചെയ്യാൻ ഒരുങ്ങുന്ന ഭാഗങ്ങൾ വായിച്ച് ഉറപ്പുവരുത്തുക

**2. നർമവും ലാളിത്യവും ചേർക്കാൻ ശ്രമിക്കുക**

ഗൗരവമേറിയ വിഷയമാണെങ്കിലും അവയിൽ നർമ്മവും ലാളിത്യവും നിറയ്ക്കുക

**3. കേൾക്കുക പഠിക്കുക**

- റേഡിയോ അവതാരകരുടെ വ്യത്യസ്തമായ ശൈലികൾ കേൾക്കുക
- അവയിലൂടെ ശബ്ദത്തിലെ വ്യത്യസ്ത ശൈലികൾ ഗുണനിലവാരം എന്നിവ താരതമ്യം ചെയ്യുക

4. **നിങ്ങളുടെ ശബ്ദം റെക്കോർഡ് ചെയ്ത് കേട്ട് വിശകലനം ചെയ്യുക**

- നിങ്ങളുടെ അവതരണം മറ്റുള്ളവരെ കേൾപ്പിച്ച് അഭിപ്രായം തേടുക

**5. നല്ല റേഡിയോ ശബ്ദം**

- ശബ്ദത്തിന് ശക്തിയും വ്യക്തതയും ഉണ്ടായിരിക്കണം
- താളം, ഉച്ചാരണം, വികാരം, ഉയർച്ചതാഴ്ചകൾ എന്നിവയെല്ലാം അത്യാവശ്യമാണ്

**റേഡിയോ ന്യൂസ് റീഡറുടെ കഴിവ് വർദ്ധിപ്പിക്കുവാൻ**

MEERA BHASKAR SMHSS KALIYAR

Join Telegram Channel: https://t.me/hsslive Downloaded from www.Hsslive.in ®

- പ്രക്ഷേപണത്തിന് മുൻപായി നാവിനും താടിക്കും വ്യായാമങ്ങൾ ചെയ്ത് സ്വതന്ത്രമായി ഇരിക്കുക
- ആത്മവിശ്വാസം നേടും  വരെ പരിശീലനം നടത്തുക
- പ്രയാസമുള്ള പദങ്ങൾക്ക് പ്രത്യേക ശ്രദ്ധ നൽകുക
- താ**ളവും** ഗതിവേഗവും പരിശീലിക്കുക
- പ്രധാന വാക്കുകൾ നിർത്തലുകൾ എന്നിവയ്ക്ക് അടിവരയിടുക.
- വിദേശ വാക്കുകളുടെ ഉച്ചാരണം എഴുതി ഇടുക
- തെറ്റു വരുത്തിയാൽ ഭയപ്പെടാതെ **തിരുത്തുക**
- വലിയ തെറ്റാണെങ്കിൽ മാപ്പ് പറയുക

**<u>7. റേഡിയോ ജോക്കിക്ക് വേണ്ട ഗുണങ്ങൾ</u>**

1.'ആകർഷകമായ ശബ്ദവും  യുക്തിപൂർവ്വം സംസാരിക്കാനുള്ള കഴിവും

2.'സംസാര ഭാഷയിൽ ഉള്ള മികച്ച അറിവ്

3. പ്രാദേശിക ഭാഷ ഭാഷകളിൽ ഉള്ള അറിവ്

4. ശ്രോതാക്കളെ സുഹൃത്തുക്കൾ ആക്കാനുള്ള കഴിവ്

5. സാങ്കേതിക വിദ്യയെ കുറിച്ചുള്ള ഉള്ള കൃത്യമായ അറിവും റേഡിയോ പ്രക്ഷേപണ ഉപകരണങ്ങളിൽ പരിചയവും

8. **<u>ചെയിൻ ബ്രോഡ്കാസ്റ്റിംഗ് / നെറ്റ്‌വർക്കിംഗ്</u>**

റേഡിയോ പ്രക്ഷേപണത്തിന്റെ ആദ്യ ദിവസങ്ങളിൽ ഒരേസമയം പ്രക്ഷേപണം ചെയ്യുന്നതിനായി പല സ്റ്റേഷനുകളും പരസ്പരം ബന്ധിപ്പിച്ചിരുന്നു.

9. റേഡിയോ കണ്ടുപിടിച്ചതാര്

- ഗൂഗ്ളീമേ മാർക്കോണി

10. ടെലിവിഷൻ കണ്ടുപിടിച്ചതാര്?

- ജോൺ എൽ  ബേർഡ്

11. ഇന്ത്യൻ ബ്രോഡ്കാസ്റ്റിംഗ് കമ്പനി ആരംഭിച്ച വർഷം-1927

MEERA BHASKAR SMHSS KALIYAR

Join Telegram Channel: https://t.me/hsslive Downloaded from www.Hsslive.in ®

12 ഇന്ത്യൻ സ്റ്റേറ്റ് ബ്രോഡ്കാസ്റ്റിംഗ് സർവീസ് ആരംഭിച്ച വർഷം-1930

13.. ഇന്ത്യയിലെ റേഡിയോ സംപ്രേഷണത്തിൻറെ  കൺട്രോളർ ആര്

- Lionel Fieldon

14. ആകാശവാണി എന്ന വാക്കിന് രൂപം കൊടുത്തത് ആര്

- എം. വി ഗോപാലസ്വാമി

15. കേരളത്തിലെ ആദ്യത്തെ റേഡിയോ സ്റ്റേഷൻ ആരംഭിച്ച വർഷം

- 1943

16. കേരളത്തിലെ ആദ്യത്തെ റേഡിയോ സ്റ്റേഷൻ ആരംഭിച്ചത് എവിടെ?

തിരുവനന്തപുരം

MEERA BHASKAR SMHSS KALIYAR